മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 14

# വാർത്താക്കുറിപ്പ്

---

**പരീക്ഷാ ഏപ്രിൽ ഒന്ന് മുതൽ**

മഹാത്മാ ഗാന്ധി സർവ്വകലാശാല - സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തുന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ - എൽ.എൽ.ബി (2016 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻ്ററി) പരീക്ഷ ഏപ്രിൽ ഒന്നിന് ആരംഭിക്കും. ഇതിലേയ്ക്കുള്ള അപേക്ഷ പിഴയില്ലാതെ മാർച്ച് 21 വരെയും 525 രൂപ പിഴയോടെ മാർച്ച് 22നും 1050 രൂപ സൂപ്പർ ഫൈനോടെ മാർച്ച് 23നും സമർപ്പിക്കാം. വിദ്യാർത്ഥികൾ പരീക്ഷാ ഫീസിനു പുറമെ പെപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി - 210 രൂപ)സി.വി ക്യാമ്പ് ഫീസും അടയ്ക്കണം. വിശദ വിവരങ്ങളും ടൈം ടേബിളും www.mgu.ac.in എന്ന വെബ് സൈറ്റിൽ (പി.ആർ.ഒ./39/298/2022)

**പരീക്ഷാ ഫലം**

2021 നവമ്പറിൽ നടന്ന ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ഡബിൾ ഡിഗ്രി ബി.കോം - എൽ.എൽ.ബി (ഓണേഴ്സ് ) ( 2016 അഡ്മിഷൻ - റഗുലർ, 2013-2014, 2015 അഡ്മിഷൻ - സപ്ലിമെൻ്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർമൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപാ നിരക്കിലുള്ള ഫീസടച്ച് മാർച്ച് 26 വരെ പരീക്ഷാ കൺട്രോളറുടെ ഓഫിസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങളും അപേക്ഷാ ഫോറവും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. മാർക്ക് ലിസ്റ്റിൻ്റെയൊ ഹാൾ ടിക്കറ്റിൻ്റെയോ പകർപ്പും അപേക്ഷയോടൊപ്പം നൽകണം

(പി.ആർ.ഒ./39/299/2022)

**പരീക്ഷാ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2017 അഡ്മിഷൻ - റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി കോം .. എൽ.എൽ ബി (ഓണേഴ്സ് ) - 2017 അഡ്മിഷൻ റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2017 അഡ്മിഷൻ - റഗുലർ പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും. വിശദമായ ടൈംടേബ്ൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

പി.ആർ.ഒ./39/300/2022)

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2019 അഡ്മിഷൻ - റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി കോം. എൽ.എൽ ബി (ഓണേഴ്സ് ) - 2019 അഡ്മിഷൻ റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2019 അഡ്മിഷൻ - റഗുലർ പരീക്ഷകൾ ഏപ്രിൽ ഏഴിന് ആരംഭിക്കും. വിശദമായ ടൈംടേബ്ൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

പി.ആർ.ഒ./39/301/2022)

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2018 അഡ്മിഷൻ - റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി കോം .. എൽ.എൽ ബി (ഓണേഴ്സ് ) - 2018 അഡ്മിഷൻ റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2018 അഡ്മിഷൻ - റഗുലർ പരീക്ഷകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും. വിശദമായ ടൈംടേബ്ൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

പി.ആർ.ഒ./39/302/2022)

അഫിലിയേറ്റഡ് കോളേജു കളിലെ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2020 അഡ്മിഷൻ - റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി കോം .. എൽ.എൽ ബി (ഓണേഴ്സ് ) - 2020 അഡ്മിഷൻ റഗുലർ, പഞ്ചവത്സര ഇൻ്റഗ്രേറ്റഡ് ഡബ്ൾ ഡിഗ്രി ബി.ബി.എ. എൽ.എൽ ബി (ഓണേഴ്സ് ) 2020 അഡ്മിഷൻ - റഗുലർ പരീക്ഷകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ.

പി.ആർ.ഒ./39/303/2022)

**വാക്ക്-ഇൻ-ഇൻ്റർവ്യൂ മാർച്ച് - 19 ന്**

മഹാത്മാഗാന്ധി സർവകലാശാലയിൽ ജൂനിയർ സോഫ്റ്റ് വെയർ ഡവലപ്പർ, സീനിയർ സോഫ്റ്റ് വെയർ തസ്തികകളിൽ താത്ക്കാലിക - കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഇതിലേയ്ക്കുള്ള വാക്ക്-ഇൻ-ഇൻ്റർവ്യൂ മാർച്ച് 19ന് നടക്കും. ജൂനിയർ സോഫ്റ്റ് വെയർ ഡവലപ്പറുടെ നാലും സീനിയർ സോഫ്റ്റ് വെയർ ഡവലപ്പറുടെ മൂന്നും ഒഴിവുകളാണുള്ളത്. ജൂനിയർ തസ്തികയിൽ പ്രതിമാസം 23000 രൂപാ നിരക്കിലും സീനിയർ തസ്തികയിൽ പ്രതിമാസം 30,000 രൂപാ നിരക്കിലും വേതനം ലഭിക്കും. പ്രായം, യോഗ്യത തുടങ്ങിയ വിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. താത്പര്യമുള്ളവർ 19 ന് രാവിലെ 9.30ന് സർവ്വകലാശാല ആസ്ഥാനത്തെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലുള്ള എഡി എ. IV സെക്ഷനിൽ ബന്ധപ്പെട്ട രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യണം. ഇൻ്റർവ്യൂ അന്ന് തന്നെ ഉച്ചയ്ക്ക് ശേഷം 2.30 ന് നടക്കും.

പി.ആർ.ഒ./39/304/2022)

**സമ്മാനദാനം**

മഹാത്മാഗാന്ധി സർവ്വകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ലോക വനിതാ ദിനാഘോഷത്തോടനു ബന്ധിച്ച് സംഘടിപ്പിച്ച തീം പ്രസൻ്റേഷൻ വീഡിയോ മത്സരത്തിൽ പാലാ, സെൻ്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ ജി. ഗൗരി ഗായത്രി ഒന്നാം സ്ഥാനവും ആലുവ - എടത്തല എം.ഇ.എസ് കോളേജിലെ ശ്രീരാഖി രഞ്ജൻ രണ്ടാം സ്ഥാനവും കോന്നി വി.എൻ.എസ് കോളേജിലെ എസ്.അഭിജിത് മൂന്നാം സ്ഥാനവും നേടി. പരീക്ഷാ കൺട്രോളർ ഡോ. സി.എം ശ്രീജിത് സമ്മാനദാനം നിർവ്വഹിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് മുൻ ഡയറക്ടർ പ്രൊഫ. കെ.എം. കൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. ഡപ്യൂട്ടി ലൈബ്രേറിയൻ - ഇൻ-ചാർജ് മിനി ജി. പിള്ള അധ്യക്ഷത വഹിച്ചു. സിജു ജോസ് സ്വാഗതവും കെ.എസ്. സൗമ്യ നന്ദിയും പറഞ്ഞു.

പി.ആർ.ഒ./39/305/2022)

**ശില്പശാല നടത്തി**

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പരിസ്ഥിതി ശാസ്ത്ര പഠനവകുപ്പും സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും സംയുക്തമായി സംഘടിപ്പിച്ച "പരിസ്ഥിതി ആഘാത പഠനം - സാങ്കേതികതകളും പ്രക്രിയകളും " എന്ന വിഷയത്തെ അധികരിച്ചുള്ള ശില്പശാല സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ ഡോ.സി.റ്റി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പരിസ്ഥിതി ആഘാത നിർണയ സമിതി മുൻ അംഗം പ്രൊഫ.കെ. ജയചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. നെയ് വേലി ലിഗ്നൈറ്റ് കോർപ്പറേഷനിലെ പരിസ്ഥിതി വിഭാഗം മുൻ മേധാവി ഡോ. വേലൻ പ്രമേയം അവതരിപ്പിച്ചു. വിവിധ മേഖലകളിൽ വിദഗ്ധരായ കബിലോംഗ് കംതാൻ, പി.സെഡ് തോമസ്, ജോംസി മാത്യു, ഒ.ജി സുരേഷ് കുമാർ, ഡോ.മഹേഷ് മോഹൻ, ഡോ. ഈ.വി.രാമസ്വാമി, ഡോ.അജയകുമാർ, ഡോ. മുഹമ്മദ് ഹാത്ത തുടങ്ങിയവർ വിവിധ സെഷനുകളിൽ ക്ലാസ്സെടുത്തു. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നിന്നുള്ള 50 പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല പ്രസിദ്ധീകരിച്ച " പരിസ്ഥിതി ആഘാത പഠനം" എന്ന ഗ്രന്ഥം ഡോ. മുഹമ്മദ് ഹാത്ത പ്രകാശനം ചെയ്തു.

പി.ആർ.ഒ./39/306/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ